പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3820

17.10.2011-ൽ മറുപടിയ്ക്കു്

**ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നിയമം**

ചോദ്യം
ശ്രീ.വി. ചെന്താമരാക്ഷൻ

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങളാണ് ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളെ ഭരണ സൗകര്യത്തിനായി തിരുവനന്തപുരം, ഹരിപ്പാട്, പത്തനംതിട്ട, വൈക്കം എന്നീ നാലു ദേവസ്വം ജില്ലകളായി വിഭജിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 21 ഗ്രൂപ്പുകളിലായി ആകെ 1208 ക്ഷേത്രങ്ങളാണുള്ളത്. ഈ ദേവസ്വം ജില്ലകളിലെ ക്ഷേത്രങ്ങളെ ഭരണ സൗകര്യത്തിനായി സബ് ഗ്രൂപ്പുകളായി തിരിച്ചിട്ടുള്ളതും, ഓരോ സബ് ഗ്രൂപ്പിൻെറ കീഴിലും, രണ്ടോ, മൂന്നോ, അതിലധികമോ ദേവസ്വങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിൻ പ്രകാരം തിരുവനന്തപുരം ദേവസ്വം ജില്ലയിൽ 84 -ഉം, ഹരിപ്പാട് ദേവസ്വം ജില്ലയിൽ 65-ഉം, പത്തനംതിട്ട ദേവസ്വം ജില്ലയിൽ 58-ഉം, വൈക്കം ജില്ലയിൽ 73-ഉം സബ് ഗ്രൂപ്പുകളാണുള്ളത്.

മലബാർ ദേവസ്വം ബോർഡിന് കീഴിൽ 978 ക്ഷേത്രങ്ങളാണുള്ളത്. ഇതിൽ കോഴിക്കോട് - 157, പാലക്കാട് -448, കാസർഗോഡ് - 89, മലപ്പുറം - 270 വയനാട് - 48, തൃശ്ശൂർ - 43, തലശ്ശേരി - 52, കണ്ണൂർ - 229, എറണാകുളം - 1 ക്ഷേത്രങ്ങളുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിൽ 401 ക്ഷേത്രങ്ങളാണുള്ളത്. തൃശ്ശൂർ-283, എറണാകുളം-72, പാലക്കാട്-45, മലപ്പുറം-1 ക്ഷേത്രങ്ങളുണ്ട്.

(ബി) ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നിലവിലുള്ള നിയമം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് എച്ച്.ആർ.ഐ. ആക്റ്റ് സെക്ഷൻ 37 പ്രകാരം സ്വകാര്യ ക്ഷേത്ര ട്രസ്റ്റികളുടെ 2/3-ൽ കുറയാത്ത അംഗങ്ങളുടെ അപേക്ഷ പ്രകാരമോ, ട്രസ്റ്റ് മാനേജ്മെൻറിൻെറ കഴിവില്ലായ്മ കാരണമോ, ട്രസ്റ്റികൾ അവരുടെ

ഭരണപരായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പരാജയപ്പെടുന്ന പക്ഷമോ, ഭരണത്തിലെ കെടുകാര്യസ്ഥത തെളിയുന്ന പക്ഷമോ സ്വകാര്യ ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുക്കുകയോ ഭരണപരമായ മേൽനോട്ടം വഹിക്കുകയോ ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ആക്ട് 15/50 അനുസരിച്ചാണ് ഇതിനുള്ള നടപടി സ്വീകരിക്കുന്നത്. മലബാർ ദേവസ്വം ഭേദഗതി ആക്ട് 31/08 –ലെ സെക്ഷൻ 8ബി പ്രകാരം ട്രസ്റ്റിമാരുടെ അപേക്ഷയിന്മേൽ ക്ഷേത്രം, ബോർഡ് നേരിട്ട് ഏറ്റെടുക്കുന്നതിനും, നിയമത്തിലെ 87(എ) വകുപ്പ് പ്രകാരം ഒരു പൊതു ക്ഷേത്രമാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ